Draft #1 of File 85145/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 15-Jun-2021 12:30 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിൽ നിന്നും നൽകുന്ന ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്, ജെനുവിൻനെസ്സ് വെരിഫിക്കേഷൻ എന്നിവ ഇ മെയിൽ ആയി ബന്ധപ്പെട്ട ഏജൻസികൾക്ക് അയച്ചുകൊടുക്കുന്നത് - റീ വെരിഫിക്കേഷനുള്ള ഫീസ് ഈടാക്കുന്നത് സംബന്ധിച്ചുള്ള നിർദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 2685/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.06.2021

---

*പരാമർശം:*-1. 10.06.2021-ൽ വൈസ് ചാൻസലറുടെ കുറിപ്പ്

**ഉത്തരവ്**

കോവിഡ്-19 വൈറസ് വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ സർവ്വകലാശാലയിൽ നിന്നും നൽകിവരുന്ന ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്, അറ്റസ്റ്റേഷൻ എന്നിവ 'വെസ്' പോലെയുള്ള ഏജൻസികൾക്ക് തപാൽ മാർഗം യഥാസമയം ലഭിക്കുന്നില്ല എന്നും തന്മൂലം തൊഴിലവസരങ്ങൾ നഷ്ടമാവുന്നുവെന്നും നിരവധി വിദ്യാർത്ഥികൾ പരാതിപ്പെടുന്ന സാഹചര്യത്തിൽ,ടി വിഷയം പരിഹരിക്കുന്നതിനായി പരാമർശം (1) പ്രകാരം താഴെപറയുന്ന നിർദേശങ്ങൾ നൽകിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

"1.സർവ്വകലാശാലയിൽ നിന്നും നൽകുന്ന ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റുകൾ, സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുകൾക്ക് റീവെരിഫിക്കേഷൻ ആവശ്യപ്പെടുന്ന വെസ് പോലെയുള്ള സ്ഥാപനങ്ങളിലേക്ക് ഇ- മെയിൽ ആയി ട്രാൻസ്ക്രിപ്റ്റുകളും മറ്റ് ഡോക്യുമെന്റുകളും സാക്ഷ്യപ്പെടുത്തി നൽകാവുന്നതാണ്. ഇതിനായി റീ വെരിഫിക്കേഷനു ഈടാക്കുന്ന ഫീസ് കൂടി പ്രസ്തുത ഡോക്യുമെന്റ് നൽകുന്നതിനു ഈടാക്കുന്ന ഫീസിന്റെ കൂടെ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ തന്നെ ഈടാക്കാവുന്നതാണ്.

2.ഇതിനായി നിലവിൽ പരീക്ഷാവിഭാഗത്തിൽ നിന്നും ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ള ആപ്ലിക്കേഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും, ഇ-മെയിൽ ആയി അക്കാദമിക് ഡോക്യുമെന്റ്സ് ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുന്നതിനു താൽപര്യപ്പെടുന്നവരിൽ നിന്നും റീ വെരിഫിക്കേഷൻ ഫീസ് കൂടി ഈടാക്കുന്നതിനുള്ള സാഹചര്യം ലഭ്യമാക്കേണ്ടതുമാണ്.

3. മറ്റ് ഏജൻസികൾക്ക് ഇത്തരം ഡോക്യുമെന്റ്സ് ഇ- മെയിൽ ആയി നൽകുമ്പോൾ വെസ് പോലെ തന്നെ റീ വെരിഫിക്കേഷൻ പ്രസ്തുത ഏജൻസികൾ ആവശ്യപ്പെടുന്നെങ്കിൽ മാത്രം റീ വെരിഫിക്കേഷനുള്ള ഫീസ് ഈടാക്കിയാൽ മതിയാവുന്നതാണ്."

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ്/ അക്കാദമിക് )
4.പി.ആർ.ഒ/ഐ.ക്യൂ.എ .സി .
5.കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6.എസി എ3/എസി എ4/എസി എ5/എസി എ 7/എസി എ9/എസി എ12/ എസി ബി.7
7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 85145/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 15-Jun-2021 12:30 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം